<u>തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ</u>
<u>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>
<u>(അവതരണം : K RAJENDRAN CHETTIYAR)</u>

നം. DIC/1926/2026-EC1 തീയതി : 12-08-2026

വിഷയം:- വ്യവസായം - ജീവനക്കാര്യം – ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് ഹയർ ഗ്രേഡ് സ്ഥാനക്കയറ്റം അനുവദിക്കുന്നത് – ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. ഗവ. ഉത്തരവ് (പി) നമ്പർ 27/2021/ധന. തീയതി: 10.02.2021
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 07.03.2025- തീയതിയിലെ DIC/777/2025-EE1 നമ്പർ നടപടിക്രമം
3. വ്യവസായ വാണിജ്യ ഡയറക്ടറുടെ 11.06.2026-തീയതിയിലെ DIC/12656/2018-ED3 നമ്പർ ഉത്തരവ്

<u>**ഉത്തരവ്**</u>

1. പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ച്, ജൂനിയർ സൂപ്രണ്ട് തസ്തികയുടെ 33% കേഡർ തസ്തികകൾ ₹50,200 – 1,05,300/- എന്ന ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് ആയി അനുവദിച്ചിട്ടുള്ളതാണ്. പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച ജൂനിയർ സൂപ്രണ്ടുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ 37 വരെയുള്ള അർഹരായ ജീവനക്കാർക്ക് ഇതിനോടകം ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്.

2. പരാമർശം (3) ലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലുണ്ടായിരുന്ന ശ്രീമതി. അഞ്ജലി കെ ഐ വി, ശ്രീമതി. ലിഷ എം എന്നിവരെ സീനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതിനെത്തുടർന്ന്, ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ ഏറ്റവും മുതിർന്ന രണ്ട് ജൂനിയർ സൂപ്രണ്ടുമാർക്ക് ₹50,200 – 1,05,300/- ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് സ്ഥാനക്കയറ്റം നൽകി ഉത്തരവാകേണ്ടതുണ്ട്.

4. ഇതിൻപ്രകാരം താഴെ പറയുന്ന ജൂനിയർ സൂപ്രണ്ടുമാർക്ക് അവരുടെ പേരുകൾക്ക് നേരെ കാണിച്ചിരിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടെ ₹50,200 – 1,05,300/- ശമ്പള നിരക്കിൽ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) ആയി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | ജനന തീയതി | 31.12.2024 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ | ഒഴിവ് വന്നതിന്റെ വിവരണം | ഒഴിവ് ഉണ്ടായ തീയതി | ഹയർ ഗ്രേഡ് പ്രാബല്യത്തിൽ വരുന്ന തീയതി |
|---|---|---|---|---|---|---|
| | | | | ജൂനിയർ സൂപ്രണ്ട് (HG) ശ്രീമതി. | | |

| | | | | | | |
|---|---|---|---|---|---|---|
| 1. | ശ്രീമതി. ശ്രീദേവി ടി. ബി (PEN-429207) | 13.05.1982 | 38 | അഞ്ജലി കെ. ഐ. വി സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച മാറിയ ഒഴിവ് | 12.06.2026 | 12.06.2026 |
| 2. | ശ്രീ.സെബാസ്റ്റ്യൻ പി. എച്ച് (PEN-424255) | 02.09.1982 | 39 | ജൂനിയർ സൂപ്രണ്ട് (HG) ശ്രീമതി. ലിഷ എം സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച മാറിയ ഒഴിവ് | 12.06.2026 | 12.06.2026 |

5. ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) ആയി സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ നിലവിലെ സ്റ്റേഷനുകളിലും തസ്തികകളിലും തുടർന്നു സേവനമനുഷ്ഠിക്കുന്നതാണ്. KSR പാർട്ട് I, റൂൾ 28A പ്രകാരം ശമ്പള നിർണ്ണയം നടത്തുന്നതിനും കുടിശ്ശിക തുക തിട്ടപ്പെടുത്തുന്നതിനും മേൽ ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. അർഹമായ ശമ്പള /അലവൻസ് കുടിശ്ശിഖ മാറി നൽകേണ്ടതാണ് .

Digitally signed by
K. Rajendran Chettiyar
Date: 12-08-2026
17:58:23

K RAJENDRAN CHETTIYAR
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്:- ബന്ധപ്പെട്ട ജീവനക്കാർ (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :
1. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, ഇടുക്കി
2. ഇ.ഇ സെക്ഷൻ / ഐ.ടി സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)